**ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം**

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014

Ph: 0471-2322833, 2322844. Fax: 0471-2322855

Email:foodsafetykerala@gmail.com

Website: www.foodsafety.kerala.gov.in


---

# പത്രക്കുറിപ്പ്

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഭക്ഷണശാലകളിൽ പരിശോധന കർശനമാക്കിക്കൊണ്ട് ഉത്തരവായി. ഇതനുസരിച്ച് ജില്ലാ ഫുഡ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അതാത് ജില്ലകളിലും സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന ഊർജ്ജിതമാക്കിയിട്ടുണ്ട്.

പരിശോധനയിൽ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്ത ആഹാരപദാർത്ഥങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഫൈൻ അടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കും.

ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് പരാതി നൽകുന്നതിന് സംസ്ഥാനതലത്തിൽ ഒരു ടോൾ ഫ്രീ നമ്പർ **1800 425 1125** ഏർപ്പെടുത്തിയിട്ടുണ്ട്.

ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കുന്ന പൊതുജനങ്ങൾ ബിൽ ചോദിച്ച് വാങ്ങി സൂക്ഷിക്കേണ്ടതാണ്. ബിൽ നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

ഫുഡ് സേഫ്റ്റി കമ്മീഷണർക്കുവേണ്ടി
ജോയിൻറ് ഫുഡ് സേഫ്റ്റി കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ & ലീഗൽ)